**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3815** **03-03-2023 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. വഴി നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പി.എസ്.സി. വഴി നിയമനം നടത്തുന്ന എല്ലാ തസ്തികകളിലേയ്ക്കും വരും വർഷങ്ങളിൽ വരാൻ സാധ്യതയുള്ള ഓരോ ഒഴിവുകളും മുൻകൂട്ടി റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ നിർദ്ദേശം നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ അറിയിക്കാമോ; | (എ) | ഓരോ കലണ്ടർ വർഷവും വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ വിരമിയ്ക്കൽ/ഉദ്യോഗക്കയറ്റം/ തസ്തിക സൃഷ്ടിക്കൽ/ അന്യത്ര സേവനം മുതലായവ മൂലമുണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളും മുൻകൂട്ടി കണക്കാക്കി പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. 2023 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി പി എസ് സിയ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ 08/11/2022 ലെ ഉപ.സി3/100/2022/ഉഭപവ നമ്പർ സർക്കുലർ മുഖേന എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യുന്നതിലേക്ക് അതാത് വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പ് സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും നേരിട്ട് ചെന്ന് പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാത്ത ഒഴിവുകൾ റിപ്പോർട്ട് ചെയ്യിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരികയും, ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്ക് കൃത്യമായ നിർദ്ദേശങ്ങൾ നൽകി വരികയും ചെയ്യുന്നുണ്ട്. |
| (ബി) | ഖാദർ കമ്മിറ്റി റിപ്പോർട്ട് പ്രകാരം ടൈപ്പിസ്റ്റ് തസ്തികകൾ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികകളായി പുനർനാമകരണം ചെയ്യുന്നതിന് ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കാമോ; | (ബി) | പരിഗണനയിലില്ല. |
| (സി) | കോട്ടയം ജില്ലയിൽ ഇത്തരത്തിൽ എത്ര ഒഴിവുകൾ ഉണ്ടാകാനിടയുണ്ടെന്ന് അറിയിക്കാമോ; ജില്ലയിൽ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് പോസ്റ്റ് | (സി) | പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | ക്രിയേഷൻ ഏതെങ്കിലും ഡിപ്പാർട്ട്മെന്റിൽ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം വകുപ്പുകളിലാണെന്ന് അറിയിക്കാമോ; അവയുടെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; | | |
| (ഡി) | കോട്ടയം ജില്ലാ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് ക്ലാർക്ക് ടൈപ്പിസ്റ്റ് ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ? | (ഡി) | നിലവിൽ വിവിധ വകുപ്പുകളിൽ നിന്ന് 13 (പതിമൂന്ന്) ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി തസ്തികയുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ